QP CODE

T5012

Enrollment Number: .................

Name: ....................................

# MA DEGREE EXAMINATIONS, MAY 2024
## First Semester
## M.A. Malayalam Language and Literature
## M21ML01DC- കേരളസംസ്കാരചരിത്രം
## (2023 July Admissions)

Time: 3 Hours  Max Marks: 70

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. ഭൂപ്രകൃതിസവിശേഷതകളുടെ അടിസ്ഥാനത്തിൽ ദ്രാവിഡദേശത്തെ തിണകളായി തരം തിരിച്ചിരിക്കുന്നതെങ്ങനെ?
2. പ്രാചീന കേരളത്തിലെ തുറമുഖങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
3. കടവല്ലൂർ അന്യോന്യത്തിലെ പ്രധാന ചടങ്ങുകൾ എന്തെല്ലാം?
4. ദേവദാസി സമ്പ്രദായം അധഃപതിക്കാൻ ഇടയായ കാരണങ്ങളെന്തെല്ലാം?
5. മുസ്ലിം സമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുനരുദ്ധാരണത്തിന് മക്തി തങ്ങൾ നൽകിയ സംഭാവനകൾ എന്തെല്ലാം?
6. പഴശ്ശിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന കലാപങ്ങളെക്കുറിച്ച് വിവരിക്കുക.
7. നിവർത്തന പ്രക്ഷോഭത്തിന്റെ പശ്ചാത്തലം വിവരിക്കുക.
8. മാപ്പിള ലഹള എന്നതിന്റെ വിവക്ഷകൾ എന്തെല്ലാം?

**(2X5=10)**

## Section B

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. കേരളചരിത്രരചനക്ക് ഉപയുക്തമാകുന്ന പ്രധാനപ്പെട്ട ഉപാദാന സാമഗ്രികളെക്കുറിച്ച് വിവരിക്കുക.
10. ക്ഷേത്രകേന്ദ്രിത സമൂഹം എന്ന സങ്കല്പം വിമർശനാത്മകമായി പരിശോധിക്കുക.

11. കൂനൻകുരിശു സത്യത്തിന് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.
12. കേരളത്തിലെ ഫ്രഞ്ച് അധിനിവേശത്തിന്റെ സാംസ്കാരിക ഫലങ്ങളെന്തെല്ലാം?
13. ചാന്നാർ കലാപം കേരളത്തിലുണ്ടാക്കിയ സാമൂഹിക ചലനങ്ങളെ വിലയിരുത്തുക.
14. മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ പുരോഗമന സാഹിത്യ പ്രസ്ഥാനം വഹിച്ച പങ്ക് വിമർശനാത്മകമായി പരിശോധിക്കുക.
15. കാർഷിക പരിഷ്കരണ ബില്ല് എന്താണ്? അതിന്റെ പരിമിതികൾ എന്തെല്ലാം?
16. നവകേരള നിർമിതിയിൽ ഗൾഫ് കുടിയേറ്റം വഹിച്ച പങ്ക് പരിശോധിക്കുക.
17. ഹിന്ദുമതപരിഷ്കരണത്തിനായി ശങ്കരാചാര്യർ നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുക.
18. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങളെന്തെല്ലാം?

**(5X6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. കേരളനവോത്ഥാനത്തിൽ സാമുദായിക സംഘടനകൾ നടത്തിയ ഇടപെടലുകളെക്കുറിച്ച് ഉപന്യസിക്കുക.
20. കേരളത്തെ ആധുനികതയിലേക്കും നവോത്ഥാനത്തിലേക്കും നയിക്കുന്നതിൽ അച്ചടിമാധ്യമങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.
21. പ്രാചീനകേരളത്തിലെ വൈദേശികബന്ധങ്ങൾ കേരളത്തിന്റെ സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഉപന്യസിക്കുക.
22. നാടുവാഴി ഭരണത്തിന്റെ സാംസ്കാരിക ഫലങ്ങളെക്കുറിച്ച് വിമർശനാത്മകമായി പരിശോധിക്കുക.

**(15X2=30)**